**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2276** **30-07-2021 - ൽ മറുപടിയ്ക്ക്**

**ഗുണനിലവാരമുള്ള മത്സ്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഗുണ നിലവാരമുള്ള മത്സ്യങ്ങളും മത്സ്യ ഉൽപന്നങ്ങളും ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | മത്സ്യത്തിൽ മായം ചേർക്കലും രാസവസ്തുക്കൾ ഉപയോഗിച്ച് കൂടുതൽ കാലം മത്സ്യം കേടുകൂടാതെ വയ്ക്കുന്നതും, രാസവസ്തു ഉപയോഗിച്ചുള്ള മത്സ്യവില്പന പ്രവണതകൾ എന്നിവ നിയന്ത്രിക്കുന്നതിനായി ഫുഡ് സേഫ്റ്റി വിഭാഗവും ഫിഷറീസ് വകുപ്പും ചേർന്ന് എല്ലാ ജില്ലകളിലും ജോയിൻറ് ഇൻസ്പെക്ഷൻ സ്ക്വാഡുകൾ-ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ, മത്സ്യ മൊത്ത/ചില്ലറ വ്യാപാര കേന്ദ്രങ്ങൾ, റയിൽവേ സ്റ്റേഷനുകൾ, ഫിഷിംഗ് ഹാർബറുകൾ, ഫിഷ് ലാൻറിംഗ് സെൻററുകൾ എന്നിവിടങ്ങളിൽ പരിശോധനകൾ നടത്തി വരുന്നു. രാസവസ്തുക്കൾ ചേർത്ത് മത്സ്യവില്പന സ്പോട്ടിൽ വച്ച് തന്നെ കണ്ടെത്തുന്നതിന് CIFT (Central Institute of Fisheries Technology) വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി Hi-Media Company വ്യവസായികാടിസ്ഥാനത്തിൽ ടെസ്റ്റിംഗ് കിറ്റ് ഉൽപാദനം സാധ്യമാക്കിയിട്ടുണ്ട്. സ്ട്രിപ്പ് വാങ്ങി പരിശോധന ശക്തമാക്കുന്നതിന് എല്ലാ ഫിഷറീസ് ജില്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം നടത്തുന്ന പരിശോധനകളിൽ കുറ്റക്കാർക്കെതിരെ ഭക്ഷ്യസുരക്ഷ ഗുണനിലവാര നിയമം 2006 പ്രകാരം നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യങ്ങൾ ലഭ്യമാക്കാൻ സഹായകരമായിട്ടുണ്ട്. മത്സ്യത്തിൽ മായം ചേർക്കലും രാസവസ്തുക്കൾ ഉപയോഗിച്ച് മത്സ്യവില്പന പ്രവണതകൾ തടയുന്നതിനും പൊതുജനങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട് അവരുടെ പരാതികൾ സമയബന്ധിത മായി വകുപ്പിനെ അറിയിയ്ക്കുന്നതിനുമായി ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുമുണ്ട് (18004253183). കോൾഡ് സ്റ്റോറേജ് സൗകര്യങ്ങളോടെ ആധുനിക രീതിയിലുള്ള മത്സ്യവിപണന ശാലകൾ |

| | | | |
|---|---|---|---|
| | | | പ്രോത്സാഹിപ്പിക്കുന്നതിനായി ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെൻറിങ്ങ് കിയോസ്ക് എന്ന പദ്ധതി സാഫ് മുഖാന്തിരം നടപ്പിലാക്കി വരുന്നു. ഗുണനിലവാരമുള്ള മത്സ്യങ്ങളും മത്സ്യ ഉൽപന്നങ്ങളും ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്ന തിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനമൊട്ടാകെ ആധുനിക ശുചിത്വ പൂർണ്ണമായ മത്സ്യമാർക്കറ്റുകളുടെ ഒരു ശൃംഖല തന്നെ സ്ഥാപിച്ചു വരുന്നു. ഗുണനിലവാരമുള്ള മത്സ്യം ശുചിത്വമുള്ള സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കു ന്നതിന് മത്സ്യഫെഡ് ആധുനീകരിച്ച എയർകണ്ടീ ഷൻ ചെയ്ത ഫിഷ്മാർട്ടുകൾ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളി പ്രാഥമിക സഹകരണ സംഘ ങ്ങൾ വഴിയും ഫിഷ് ലാൻറിംഗ് സെൻററുകളിൽ നിന്നും നേരിട്ടും ഗുണമേന്മയുള്ള മത്സ്യം സംഭരിച്ച് വൃത്തിയാക്കി ഫിഷ്മാർട്ടുകൾ വഴി വിപണനം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ ധനസഹായ ത്തോടെ 47 ഫിഷ്മാർട്ടുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചു വരുന്നു. കൂടാതെ മത്സ്യഫെഡിന്റെ തീരത്തിൽ നിന്ന് മാർക്കറ്റിലേയ്ക്ക് എന്ന പദ്ധതിയിൽ അന്നന്നുള്ള മത്സ്യം ഉപഭോക്താക്കൾക്ക് നേരിട്ട് എത്തിക്കുന്ന തിന് 'അന്തിപച്ച' എന്ന നാമധേയത്തിൽ 10 മൊബൈൽ യൂണിറ്റുകളും പ്രവർത്തിക്കുന്നു. കൂടാതെ സർവ്വീസ് സഹകരണ ബാങ്ക്/ സംഘങ്ങളുമായി ചേർന്ന് 53 ഫ്രാഞ്ചൈസി ഫിഷ്ബൂത്തുകളും പ്രവർത്തിക്കുന്നു. മത്സ്യഫെഡിൻറെ റെഡി റ്റു കുക്ക് ഉൽപ്പന്നങ്ങളായി ചിൽഡ് & ഡ്രസ്ഡ് മത്സ്യങ്ങൾ, മത്സ്യ സമോസ, മത്സ്യകട്ലറ്റ് എന്നിവ വിപണിയിൽ ഇറക്കിയിട്ടുണ്ട്. കൂടാതെ റെഡി റ്റു ഈറ്റ് ഉൽപ്പന്നങ്ങളായ മത്സ്യ അച്ചാർ ചെമ്മീൻ അച്ചാർ, ചെമ്മീൻ ചമ്മന്തിപ്പൊടി, നെത്തോലി പീര, മത്തി പീര വിപണിയിൽ എത്തിച്ചിട്ടുണ്ട്. ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ്, ഫിഷ് ഫ്രൈ മസാല, ചില്ലി ഫിഷ് കറികൂട്ട്, തേങ്ങ ചേർത്ത മത്സ്യകറികൂട്ട് എന്നിവയും 'മത്സ്യഫെഡ് ഈറ്റ്സ്'& 'മത്സ്യഫെഡ് ട്രീറ്റ്സ്'എന്ന പേരിൽ ഫിഷ്മാർട്ടുകൾ വഴിയും ഫ്രാഞ്ചൈസി മാർട്ടുകൾ വഴിയും വിപണനം ചെയ്തു വരുന്നു. ശീതീകരിച്ച മത്സ്യത്തിന്റെയും, ചെമ്മീൻ തോടിൽ നിന്നുള്ള കൈറ്റോൺ ഗുളികകളും മത്സ്യഫെഡ് ഫിഷ്മാർട്ട് വഴി വിപണനം നടത്തുന്നു. |
| (ബി) | മത്സ്യമാർക്കറ്റുകൾ ആധുനീകരിക്കുന്ന പദ്ധതിയിൽ സംസ്ഥാനത്ത് എത്ര മാർക്കറ്റുകൾ പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | മത്സ്യമാർക്കറ്റുകൾ ആധുനീകരിക്കുന്ന പദ്ധതിയിൽ കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ ധനസഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നാളിതുവരെ 38 |

| | | | |
|---|---|---|---|
| | | | മാർക്കററുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യഫെഡ് മുഖേന അഞ്ചൽ, ഓച്ചിറ, അരൂർ എന്നീ മത്സ്യമാർക്കറ്റുകൾ നവീകരിച്ചിട്ടുണ്ട്. |
| (സി) | ഗുണമേൻമയുള്ള മത്സ്യം ലഭ്യമാക്കുന്നതിനും അവയുടെ വിപണനത്തിനും ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനും നിയമ നിർമ്മാണം നടത്തുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ? | (സി) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചു കൊണ്ടുവരുന്ന മത്സ്യത്തിന് ന്യായവില ഉറപ്പാക്കുന്നതിനും ഗുണമേന്മയുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ട് മത്സ്യലേലവും, വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും മത്സ്യത്തിന്റെ ഗുണനിലവാരം പരിപാലിക്കുന്നതിനുമായി സർക്കാർ മത്സ്യലേല വിപണന ഗുണനിലവാര പരിപാലന ഓർഡിനൻസ് കൊണ്ടു വരികയും ആയതിന്റെ കരട് ചട്ടങ്ങൾ രൂപീകരണ ഘട്ടത്തിലുമാണ്. |

സെക്ഷൻ ഓഫീസർ